വ്യവസ്ഥയിൽപ്പെട്ടതാണ്. ആയതിനാൽ പ്രസ്തുത ആക്ടിന് വിരുദ്ധമായി യാതൊരു പ്രവൃത്തിയും ആ പ്രദേശത്ത് നടത്താൻ അനുവാദമില്ല. മാത്രമല്ല, 1980-ലെ വനംസംരക്ഷണനിയമം സർക്കാർ നടപ്പിലാക്കിയതുതന്നെ വനനശീകരണവും തുടർന്നുണ്ടാകുന്ന പരിസ്ഥിതി അസന്തുലിതാവസ്ഥയും തടയുന്നതിനാണ്. 1979-ൽ തന്നെ ഡാമിലെ ജലനിരപ്പ് 136 അടിയായി നിജപ്പെടുത്തിയതിനാൽ, അതിനുമുമ്പ് വെള്ളത്തിനടിയിലായിരുന്ന പ്രദേശം പ്രകൃത്യാ തന്നെ വന മേഖലയായി രൂപാന്തരപ്പെട്ടു കഴിഞ്ഞു. ആ മേഖല ഇപ്പോൾ വന്യമൃഗങ്ങളുടെ ആവാസ മേഖലയാണ്. ആയതിനാൽ ജലനിരപ്പ് 136 അടിയിൽനിന്നും ഉയർത്തിയാൽ പ്രസ്തുത വനമേഖലയും വന്യജീവികളും നശിക്കുകയും അതിന്റെ ഫലമായി പരിസ്ഥിതി അസന്തുലിതാവസ്ഥയ്ക്ക് കാരണമാവുകയും ചെയ്യുമെന്ന് സുപ്രീംകോടതിയെ അറിയിച്ചിട്ടുണ്ട്. ജനാധിപത്യ ക്രമമനുസരിച്ച് ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ടത് ഒരു തെരഞ്ഞെടുക്കപ്പെട്ട സർക്കാരിന്റെ ഏറ്റവും പ്രധാനപ്പെട്ട കടമയാകയാൽ ജനങ്ങളുടെ സ്വത്തിനും ജീവനും ഭീഷണിയാകുന്ന ഒരു നടപടിയേയും അനുകൂലിക്കാൻ സർക്കാരിനാവില്ലെന്നും സത്യവാങ്മൂലത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. അടുത്തകാലത്തുണ്ടായ ഭൂചലനങ്ങളുടെ ആഘാതം സംബന്ധിച്ച് പഠിച്ചശേഷമേ ഇക്കാര്യത്തിൽ എന്തെങ്കിലും തീരുമാനത്തിലെത്താവൂ എന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ കേരളത്തിന്റെ താൽപ്പര്യം സംരക്ഷിക്കാൻവേണ്ടി ഭരണപരമായും നിയമപരമായും സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

(4) ഗൾഫ് മേഖലയിൽ പണിയെടുക്കുന്ന മലയാളികളെ സഹായിക്കാൻ അവിടത്തെ ഇൻഡ്യൻ എംബസിയുടെ കീഴിൽ ലെയ്സൺ ഓഫീസറെ നിയമിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ഇസ്ഹാക് കുരിക്കൾ: സർ, നമ്മുടെ സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിലും തൊഴിൽ മേഖലയിലും നിർണ്ണായകമായ പങ്ക് വഹിക്കുന്നവരാണ് വിദേശ മലയാളികൾ. ഗൾഫിലേയും സൗദിയിലേയും മലയാളികൾ വർഷങ്ങളായി ഉന്നയിക്കുന്ന ആവശ്യങ്ങൾക്ക് പരിഹാരം കാണുവാൻ ഇന്നുവരെ സാധിച്ചിട്ടില്ല. വളരെ പ്രതീക്ഷയോടുകൂടി വിദേശത്ത് ജോലിക്കെത്തുന്ന മലയാളികൾ പലപ്പോഴും വഞ്ചിക്കപ്പെടാറുണ്ട്. എഗ്രിമെന്റ് പ്രകാരം പറഞ്ഞ ശമ്പളം കിട്ടാതെ കഷ്ടപ്പെടുകയാണ് മലയാളികൾ. അവരിൽ ഏറ്റവും കൂടുതൽ കേരളീയരാണ്. ഉറപ്പു നല്കിയിരുന്ന വേതനം കിട്ടാതെ ലേബർ ക്യാമ്പുകളിൽ 7-ഉം 8-ഉം 9-ഉം വർഷങ്ങളായി അവർ വിഷമിക്കുകയാണ്. അതുപോലെ തന്നെ പറഞ്ഞ തൊഴിൽ നൽകാതെ മറ്റ് ജോലികൾ ചെയ്യിക്കുന്നതിന്റെ ഫലമായി വളരെയധികം ആളുകൾ വിഷമിക്കുന്നു. ജയിലുകളിൽ ധാരാളം മലയാളികൾ തടങ്കലിലാണ്. ഡെഡ്ബോഡി പോലും വിട്ടുകിട്ടുന്നതിനായി പലപ്പോഴും നമ്മുടെ ആളുകൾക്ക് സാധിക്കുന്നില്ല. എംബസികളിലും കൺസലേറ്റുകളിലും ഉത്തരേന്ത്യക്കാരായ ഉദ്യോഗസ്ഥൻമാരാണ് സെക്രട്ടറിമാരും ഉദ്യോഗസ്ഥന്മാരും. മലയാളികളുടെ ആവശ്യങ്ങൾക്കും രോദനങ്ങൾക്കും പലപ്പോഴും ഉത്തരം ലഭിക്കാറില്ല. ഈ സാഹചര്യത്തിൽ ഗൾഫ് മേഖലയായ

LIBRARY ARCHIVES Kerala Legislative Assembly

ബഹറിൻ, ദമാം, ദുബായ്, ഷാർജ, ഖത്തർ, അബുദാബി ഇവിടെയൊക്കെ ജോലിയെടുക്കുന്ന ലക്ഷക്കണക്കിന് ആളുകൾക്ക് അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ എംബസിയുടെ കീഴിൽ കേരളാ ഗവൺമെന്റിന്റെ ഒരു ലെയിസൺ ഓഫീസറെ നിയമിക്കുന്നതിന് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. സൗദി അറേബ്യയിലെ ദമാം, റിയാദ്, ജിദ്ദ തുടങ്ങിയ നിരവധി പ്രദേശങ്ങളിലും ഞാൻ സൂചിപ്പിച്ചതുപോലെ മലയാളികൾ വളരെയധികം വിഷമങ്ങൾ അനുഭവിക്കുകയാണ്. ഉത്തരേന്ത്യക്കാരായ ഉദ്യോഗസ്ഥന്മാരിൽ നിന്നും യാതൊരു നീതിയും മലയാളികളെ സംബന്ധിച്ചിടത്തോളം ലഭിക്കുന്നില്ല. സൗദി അറേബ്യയുടെ തലസ്ഥാനമായ റിയാദിലാണ് ഏറ്റവും അധികം മലയാളികൾ ജോലി ചെയ്യുന്നത്. മലയാളി കളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ യു.എ.ഇ.യിലും നമ്മുടെ എംബസികളിലും കോൺസലേറ്റുകളിലും കേന്ദ്രത്തിൽ നിന്നും അനുമതി വാങ്ങിക്കൊണ്ട് കേരളാ ഗവൺമെന്റിന്റെ ഐ.എ.എസ്. കേഡറിലുള്ള ഒരു ഉദ്യോഗസ്ഥനെ ലെയിസൺ ഓഫീസറായി നിയമിച്ചുകൊണ്ട് ഗൾഫ് മലയാളികളുടെ പ്രശ്നത്തിന് പരിഹാരം കാണണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : ഡെപ്യൂട്ടി സ്പീക്കർ സർ, ഗൾഫ് മേഖലയിലെ എല്ലാ രാജ്യങ്ങളിലും ഇന്ത്യയുടെ നയതന്ത്രകാര്യാലയങ്ങൾ പ്രവർത്തിക്കുന്നുണ്ട്. വിദേശത്തുള്ള ഇന്ത്യാക്കാരുടെ ക്ഷേമത്തിന് ആ രാജ്യത്തിലെ അധികാരികളുമായി നിയമപരമായി ബന്ധപ്പെടാനും ഇടപെടാനും നയതന്ത്രപരമായ അധികാരങ്ങളും അവകാശങ്ങളും ഉള്ള ഈ നയതന്ത്ര കാര്യാലയങ്ങളിലെ ഉദ്യോഗസ്ഥർക്ക് മാത്രമേ സാധിക്കുകയുള്ളൂ. ആ രാജ്യങ്ങളിലെ അധികാരികളുമായി ബന്ധപ്പെടാൻ അവിടത്തെ ഭാഷയും നിയമങ്ങളും ചട്ടങ്ങളും അറിഞ്ഞിരിക്കേണ്ടതുണ്ട്. ഇതിനായി എല്ലാ എംബസികളിലും 'കോൺസൽ (ലേബർ)' എന്ന തസ്തിക നിലവിലുണ്ട്. ഈ ഉദ്യോഗസ്ഥനാണ് അധികാരികളുമായി ബന്ധപ്പെട്ട് പ്രശ്നപരിഹാരത്തിന് ശ്രമിക്കുന്നത്. ഗൾഫ് മേഖലകളിലെ നയതന്ത്ര കാര്യാലയങ്ങളിൽ മലയാളം അറിയുന്നവരെ നിയമിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് പലപ്പോഴായി സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. മലയാളികളെ സംബന്ധിക്കുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെടുമ്പോൾ അതാത് രാജ്യങ്ങളിലെ എംബസികളുമായി പ്രവാസി കേരളീയ കാര്യവകുപ്പ് (നോർക്ക) ബന്ധപ്പെട്ട് പരിഹാരം തേടി വരുന്നു. ലെയിസൺ ഓഫീസറെ നിയമിക്കുന്ന കാര്യം പരിശോധിക്കേണ്ടത് നമ്മളല്ല, കേന്ദ്രസർക്കാരാണ്.

(5) എഴുകോൺ സ്വദേശി സുധീർകുമാറിന്റെ ദുരൂഹ സാഹചര്യത്തിലുള്ള മരണം

ശ്രീ. എഴുകോൺ നാരായണൻ : സർ, നെടുവത്തൂർ നിയോജക മണ്ഡലത്തിൽപ്പെട്ട എഴുകോൺ നിവാസികളും കെ.ഐ.പി. ഉദ്യോഗസ്ഥനുമായ സുധീർകുമാറിന്റെ ദുരൂഹ സാഹചര്യത്തിലുള്ള മരണം ക്രൈം ബ്രാഞ്ചിനെക്കൊണ്ട് അന്വേഷിപ്പിക്കുന്നതിനു വേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. പട്ടികജാതിക്കാരനായ സുധീർകുമാർ തെന്മലയിലുള്ള

LIBRARY ARCHIVES Kerala Legislative Assembly